ട്രാൻസ്പോർട്ട് ബസ്സ് ചാർജ് വർദ്ധനവ്

* 430. [17] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള നോട്ടിഫിക്കേഷൻ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതെന്നായിരുന്നു;

(ബി) ഇതിനുശേഷം ചാർജ്ജു വർദ്ധിപ്പിക്കുന്നതിനെതിരായി എത്രപേരിൽ നിന്നു ഗവണ്മെന്റിനു നിവേദനങ്ങൾ കിട്ടി;

(സി) ഈ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ അവസാനമായും തീരുമാനമെടുത്തു കഴിഞ്ഞുവോ;

(ഡി) തീരുമാനം എടുക്കുവാൻ ഇത്രയും കാലതാമസത്തിനു കാരണമെന്തു ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) 24–9–1963–ൽ.

(ബി) 43

(സി) ഇല്ല.

(ഡി) മോട്ടോർ വെഹിക്കിൾ നിയമം 43–ാം വകുപ്പനുശാസിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ.

ശ്രീ. ഈ. പി. ഗോപാലൻ : സ്റ്റേറ്റു് ട്രാൻസ്പോർട്ടു് അഥോറിട്ടിക്കു് അപേക്ഷ കിട്ടിക്കഴിഞ്ഞതിനുശേഷം, ഇത്ര ദിവസത്തിനകം വിവരം അറിയിക്കണമെന്നു് നിർദ്ദേശം നൽകിയിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ദിവസം കൃത്യമായിട്ടു പറഞ്ഞിട്ടില്ല; ചീഫ് മിനിസ്റ്റരുടെ തീരുമാനം കഴിഞ്ഞു വിവരം അറിയിച്ചിട്ടു് ഉടനെ അറിയിക്കണമെന്നു നിർദ്ദേശം നൽകി.

ശ്രീ. സി. അച്യുതമേനോൻ: ചീഫ് മിനിസ്റ്റരുടെ തീരുമാനം കഴിഞ്ഞതീയതി ഏതാണു്? സ്റ്റേറ്റു ട്രാൻസ്പോർട്ടു് അഥോറിട്ടിക്കു അയച്ചിട്ടു് എത്ര ദിവസമായി? ട്രാൻസ്പോർട്ടു് അഥോറിട്ടിയിൽ എത്ര മെമ്പറന്മാരുണ്ടു്; ഇതിനെ സംബന്ധിച്ചു് ഒരു തീരുമാനം എടുക്കുവാൻ അവർക്കു എത്ര ദിവസം വേണ്ടിവരും ?

ശ്രീ. കെ. ടി. അച്യുതൻ: ഉടനെ മീറ്റിംഗ് കൂടി, ഒട്ടും താമസം കൂടാതെ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ടു. ചീഫ് മിനിസ്റ്റർ തീരുമാനം എടുത്തതു്, 16–12–63-ൽ ആണു്.

ശ്രീ. ഈ. പി. ഗോപാലൻ: സ്റ്റേറ്റു് ട്രാൻസ്പോർട്ടു് അഥോറിട്ടി എത്ര മാസം കൂടുമ്പോഴാണു യോഗം കൂടണമെന്നുണ്ടോ? ഒരു പ്രാവശ്യം കൂടിക്കഴിഞ്ഞാൽ ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കാൻ കഴിയുകയില്ലേ? ഇത്ര സംബന്ധിച്ചുണ്ടാകുന്ന കാലതാമസം ഒരു കൊല്ലമെന്നോ രണ്ടു കൊല്ലമെന്നോ മനസ്സിലാക്കണമെന്നാണോ പറയുന്നതിന്റെ അർത്ഥം?

ശ്രീ. കെ. ടി. അച്യുതൻ: ഉടൻതന്നെ യോഗം വിളിച്ചുകൂട്ടി ഒരു തീരുമാനം എടുക്കണമെന്നാണു് അറിയിച്ചിട്ടുള്ളതു്.

ശ്രീ. പി. വിശ്വംഭരൻ: സ്റ്റേറ്റു് ട്രാൻസ്പോർട്ടു് അഥോറിട്ടിയുടെ ചെയർമാനും, സെക്രട്ടറിയും ആരാണു്; ഡി. ഓ, അയച്ചിട്ടും മറുപടി കിട്ടുന്നില്ലെന്നാണോ പറയുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ: ചെയർമാൻ റവന്യൂ ബോർഡ് മൂന്നാം മെമ്പറാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: 16-12-63-ൽ തീരുമാനം അവിടെ അറിയിച്ചിട്ടും വിവരം കിട്ടിയില്ലെന്നാണോ പറയുന്നത്?

ശ്രീ. കെ. ടി. അച്യുതൻ: അതിനെ സംബന്ധിച്ച വിവരം അറിയിക്കണമെന്ന് നേരത്തെ അറിയിച്ചിരുന്നു. രണ്ടാമത്തെ റിമൈൻഡറും അയച്ചിട്ടുണ്ട്, ഉടൻതന്നെ വിവരം അറിയിക്കണമെന്ന്.

ശ്രീ. ഇ. പി. ഗോപാലൻ: ഈ തീരുമാനം നടപ്പാക്കാൻ കാലതാമസം വരുമ്പോഴും, അതുകൊണ്ട് ഗുണം കിട്ടാവുന്ന ആളുകളെ കണ്ടിയാണോ ഈ കാലതാമസം വരുത്തുന്നത്? ആ കൂട്ടരെ സഹായിക്കാൻവേണ്ടി കരുതിക്കൂട്ടി ഈ താമസം വരുത്തുന്നതാണോ?

ശ്രീ. കെ. ടി. അച്യുതൻ: എസ്. ടി. ഏ. ഒരു കോസി ജുഡീഷ്യൽ ബോഡിയാണ്. കാലതാമസം വരുത്തണമെന്ന് ഉദ്ദേശമുണ്ടെന്ന് പറയാൻ സാധ്യമല്ല. മിനിമം ചാർജിനെ സംബന്ധിച്ചിടത്തോളം ഇവിടെ പൊതുവേ അഭിപ്രായപ്രകടനങ്ങളും നടന്നു. മദിരാശിയിലും ആന്ധ്രയിലും മൈസൂറിലും 30 നയാപൈസയാണ് മിനിമം ചാർജ്ജ്. കേരളത്തിൽ പത്തു നയാപൈസയാക്കണമെന്നു വാദിക്കുന്നവർ ആളുകളെ താങ്ങി പറയുന്നതാണെന്ന് കരുതുന്നതിൽ വലിയ കഴമ്പുണ്ടെന്നു തോന്നുന്നില്ല.

സിറ്റിയിലും പരിസരങ്ങളിലും കുരകും കെട്ടി താമസിക്കുന്ന കുടുംബങ്ങൾ

* 431. [18] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിലും പരിസരങ്ങളിലും ഏറെക്കാലങ്ങളായി കുരകും കെട്ടി ദേഹണ്ഡിച്ച് കോളണികളായി താമസിക്കുന്ന കുടുംബങ്ങളെ അവിടെനിന്നും ഒഴിപ്പിക്കാതിരിക്കുവാൻ ഗവണ്മെന്റു വേണ്ട നടപടികളും സ്വീകരിക്കുമോ;

(ബി) അവരുടെ ഭവനങ്ങൾ പുതുക്കിപ്പണിയുന്നതിനും മറ്റു ചില ഹരിജൻ കോളണികളിലും സെറ്റിൽമെന്റു കോളണികളിലും താമസിക്കുന്നവർക്കു ലഭിക്കാറുള്ളതുപോലെയുള്ള ആനുകൂല്യങ്ങൾ നൽകാൻ ഗവണ്മെന്റിനു ഭയവുണ്ടാകുമോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) തിരുവനന്തപുരം സിറ്റിയിലും പരിസരങ്ങളിലുമുള്ള പുമ്പോക്കു ഭൂമികളിൽ അനധികൃതമായി പ്രവേശിച്ചു താമസിക്കുന്ന കുടുംബങ്ങളെ ഗവണ്മെന്റാവശ്യത്തിനുവേണ്ടി ഇറക്കി വിടേണ്ടതായി വരുമ്പോൾ അവർക്കു അതിനുപകരം വീടുവയ്ക്കുന്നതിനാവശ്യമായ ധനസഹായം നൽകുന്ന കാര്യം ഗവണ്മെന്റു പരിഗണിക്കുന്നതാണ്.

(ബി) അവരുടെ ഭവനങ്ങൾ പുതുക്കിപ്പണിയുന്നതിന് എന്തെങ്കിലും ആനുകൂല്യം നൽകാൻ പദ്ധതിയൊന്നും നിലവിലില്ല.

ശ്രീ. കെ. അനിരുദ്ധൻ: ചാലയിലും, അതുപോലെതന്നെ തൈക്കാട് ഭാഗത്തു കോളനിയിലും താമസിക്കുന്നവർ ഇറങ്ങിപ്പോകണമെന്നു കാണിച്ച് രണ്ടു കൊല്ലം മുൻപ് ഗവണ്മെന്റ് നോട്ടീസ് കൊടുത്തിരുന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അവർക്ക് അങ്ങനെ മാറിപ്പോകാൻ പല

LIBRARY ARCHIVES Kerala Legislative Assembly